# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1873/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുവേശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1873/2023 തീയ്യതി: 20/12/2023

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2022 മുതൽ 02-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീമതി.റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.ധന്യ.എം.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടെസി ഇമ്മാനുവൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ റോബർട്ട് ജോസഫ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജിനു.വി.എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നാരായണി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ: അമ്പിളി മോഹൻ.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.ലിജു.വി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 17-10-2022 |
| ശ്രീ.അജീഷ് എം.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-10-2022 | 31-03-2023 |
| ശ്രീ.ബിജോയ് മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ:നീതു.പി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ആന്റണി.പി.എ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി.പ്രസീത.ഇ.കെ | സീനിയർ പി ഡി ടീച്ചർ-ഹെഡ് മാസ്റ്റർ-ഇൻചാർജ് | 01-06-2022 | 01-07-2022 |
| ശ്രീ.അബ്ദുൾ മജീദ് | ഹെഡ് മാസ്റ്റർ | 02-07-2022 | 31-03-2023 |
| ശ്രീമതി നീതു.പി.വി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 28-07-2022 |
| ശ്രീ.നേഹാൽ പ്രമോദ് | അസിസ്റ്റന്റ് എൻജിനീയർ | 29-07-2022 | 31-03-2023 |
| ഡോ:സജീവൻ.എ.പി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 05-05-2022 |
| ഡോ.അഞ്ചു ടി തോമസ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 06-05-2022 | 30-11-2022 |
| ഡോ.വൈശാഖ്.എസ്.ബി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-12-2022 | 15-12-2022 |
| ഡോ.അഞ്ചു ടി തോമസ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 16-12-2022 | 09-02-2023 |
| ഡോ.വൈശാഖ്.എസ്.ബി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 10-02-2023 | 21-03-2023 |
| ഡോ.അഞ്ചു ടി തോമസ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 22-03-2023 | 31-03-2023 |
| ഡോ:ബിന്ദു.കെ.ജെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.പൊന്നി.എം.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.രജീഷ്.ടി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-05-2022 |
| ശ്രീ.റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-06-2022 | 31-12-2022 |
| ശ്രീമതി.സരിത.കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-2 |
| 4 | രജിസ്റ്ററുകൾ കാലീകമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.- | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശിർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-5 |
| 7 | ലോൺ രജിസ്റ്റർ- വാർഷിക കണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല, | 1-1-7 |
| 9 | യഥാർത്ഥ ചെലവ് തുകയിൽ നിന്നും വ്യത്യസ്തമായി ചെലവ് രേഖപ്പെടുത്തി | 1-1-8 |
| 10 | ബന്ധപ്പെട്ട ശീർഷകത്തിൽ ആസ്തിമൂല്യം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6-1 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-7-1 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഗ്രാമസഭ | 1-11 |
| 23 | വിഹാര റിസോർട്ട് & സ്പാ എന്ന കെട്ടിടം ലോഡ്ജ് ആയി പരിഗണിച്ച് കെട്ടിട നമ്പർ അനുവദിച്ചത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 24 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 25 | പഞ്ചായത്ത് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 26 | രജിസ്ട്രേഷനില്ലാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 27 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി അവലോകനം. | 1-16 |
| 28 | സോളാർ ഫെൻസിംഗ് സ്ഥാപിക്കൽ - തുക ചെലവഴിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല.₹ 3500000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 29 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹177000 തടസ്സപ്പെടുത്തുന്നു. | 1-18 |
| 30 | എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 31 | തെരുവ് വിളക്ക് റിപ്പയർ എ എം സി- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-20 |
| 32 | പൂപ്പറമ്പ് ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിലെ കാലതാമസം-2493662 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്, ഗുണനിലവാര പരിശോധന-പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-22 |
| 34 | അങ്കണവാടി പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് കുറവ് വരുത്തിയിട്ടില്ല. | 1-23 |
| 35 | കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്കു ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 16160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 37 | പരിശോധനാ റിപ്പോർട്ട്,അനുമതി സാക്ഷ്യപത്രം എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-26 |
| 38 | സബ്സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ – ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല – ₹30873 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | ഏരുവേശ്ശി പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നിന്റെ വില മുൻകൂറായി നൽകി - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ₹29174 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 40 | കുടിയാന്മല പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല – ₹19253 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 41 | പാലിയേറ്റീവ് ഹോംകെയർ പ്രോഗ്രാം -മരുന്നിന്റെ വില മുൻകൂറായി നൽകി - നാളിതു വരെയായി മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല – ₹89705 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 42 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല. | 1-31 |

| | | |
|---|---|---|
| 43 | ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം- ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-32 |
| 44 | വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.06.2023 തീയതിയിലെ 10/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 26.06.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
20.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ ഉടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ B-1 ഷെഡ്യൂൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ കാലീകമാക്കി സൂക്ഷിച്ചിട്ടില്ല.

ധനകാര്യ പത്രികയിലെ തുകകളെ സാധൂകരിക്കുന്ന വിധത്തിൽ താഴെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ഇ -ടെൻഡർ ഫോം രജിസ്റ്റർ

### 1-1-4 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.-

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശിർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

പ്രൊജക്ട് നമ്പർ 163 /23, സോളാർ ഫെൻസിംഗ് എന്ന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തൻവർഷം ഡെപ്പോസിറ്റായി അനുവദിച്ച ₹3500000 ധനകാര്യ പത്രികയിലെ B-18 ലെ ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ലോൺ രജിസ്റ്റർ- വാർഷിക കണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പാസ്സ് ബുക്ക് പ്രകാരം തൻവർഷം ₹9950000 KURDFC യിൽ നിന്ന് RTGS ലോൺ ആയി ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹61,48,706 ആണ്. ആയത് പ്രകാരം ആകെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹1,60,98,706 ആണ്. തൻവർഷം ജി ഒ പ്രൊജക്ട് മുഖാന്തിരം ₹17,27,677 തിരിച്ചടച്ചിട്ടുണ്ട്. ആയത് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (1,60,98,706- 17,27,677) ₹14371029 ആണ്. എന്നാൽ AFS ലെ ബി 5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിരിക്കുന്നത് ₹6801401 ആണ്.

### 1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല,

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-8 യഥാർത്ഥ ചെലവ് തുകയിൽ നിന്നും വ്യത്യസ്തമായി ചെലവ് രേഖപ്പെടുത്തി

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിന് 2022-23 വർഷം സേവന സോഫ്റ്റ് വെയർ പ്രകാരം യഥാർത്ഥത്തിൽ ചെലവഴിച്ചതിൽ നിന്നും വ്യത്യസ്തമായ തുകയാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-9 ബന്ധപ്പെട്ട ശീർഷകത്തിൽ ആസ്തിമൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

21-22 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക B-9 പ്രകാരം Movable Assets Others (B 11 ) ൽ ഉൾപ്പെട്ട തുകയായ ₹1287002 തൻവർഷം Fixed Assets Other (B 11 ) എന്ന ഹെഡിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

### 1-2 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17-03-2022 തീയതിയിലെ യോഗത്തിലെ 17/(1) നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 21-03-22 തീയതിയിൽ ഉച്ചക്ക് ശേഷം ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-01/01) 23-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 01/01 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 10/02/2023 തീയതിയിലെ യോഗത്തിലെ 10/23 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 03-03-2023 തീയതിയിലെ സാധാരണ യോഗത്തിൽ 02/23 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3979320 | 4336876 |
| വരവ് | 426920000 | 249181475 |

| | | |
|---|---|---|
| ആകെ | 430899320 | 253518351 |
| ചെലവ് | 426809807 | 249604167 |
| നീക്കിയിരിപ്പ് | 4089513 | 3914184 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ കാരണം ബജറ്റ് ഫയലിൽ നിന്നും വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹18327570 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹54589757 |
| ആകെ | ₹72917327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹44001690 |
| നീക്കിയിരിപ്പ് | ₹28915637 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6480827 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ ഉടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18293000 | 18293000 | 17793000 | 500000 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 596000 | 596000 | 596000 | 0 |
| വികസന ഫണ്ട്-ടി എസ്.പി | | 0 | 2000000 | 2000000 | 2000000 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | 0 | 11135000 | 11135000 | 10357838 | 777162 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | | 0 | 5183000 | 5183000 | 3982243 | 1200757 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | ബാങ്ക് | 3988000 | 4652000 | 8640000 | **2268594+23 (ബാങ്ക് ചാർജ്ജ്) | 6371383 * |
| | ട്രഷറി | 0 | 3931740 | 3931740 | 1895680 | 2036060 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഫണ്ട് | ബാങ്ക് | 2795163 | 3361643 (പലിശ ഉൾപ്പടെ ) | 6156806 | 1583197 | 4573609 |
| | ട്രഷറി | 0 | 150205 | 150205 | 109814 | 40391 |
| ഐ സി ഡി എസ്- | | 206351 | 1251776 | 1458127 | 1001446 | 456681 |
| എം പി ഫണ്ട് | | 45535 | 1242 | 46777 | 0 | 46777 |
| TSC | | 12000 | 0 | 12000 | 0 | 12000 |
| Other Central Govt.grants | | 1032 | 30151 | 31183 | 30291 | 892 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | | 522933 | 14263 | 537196 | - | 537196 |
| ശുചിത്വമിഷൻ | | 291679 | 00 | 291679 | 280000 | 11679 |
| സാക്ഷരത | | 102975 | 2810 | 105785 | 0 | 105785 |
| കേരളോൽസവം | | 7518 | 0 | 7518 | 7518 | 0 |

| | | | | | |
|---|---|---|---|---|---|
| വിമുക്തി | 31064 | 0 | 31064 | 0 | 31064 |
| ആശ്രയ* | 219665 | 0 | 219665 | 219665*** | 0 |
| ലൈഫ് ഭവന പദ്ധതി | 840000 | 7370000 | 8210000 | 3040000 | 5170000 |
| മറ്റ് സർക്കാർ ഏജൻസികൾ | 43250 | 0 | 43250 | 0 | 43250 |
| കോർപ്പസ് ഫണ്ട് | 414484 | 0 | 414484 | 0 | 414484 |
| ഹെൽത്ത് ഗ്രാന്റ് | 0 | 136893 | 136893 | 0 | 136893 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 268265 | 268265 | 0 | 268265 |
| നാഷനൽ ഹെൽത്ത് മിഷൻ | 0 | 450000 | 450000 | 0 | 450000 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 319701 | 319701 | 319701 | 0 |

*ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാങ്ക് നീക്കിയിരിപ്പ് തുക മൊത്തം നീക്കിയിരിപ്പ് തുക B-4 ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ടൈഡ്, ബേസിക് പ്രത്യേകം പ്രത്യേകമായി എടുക്കുമ്പോൾ വ്യത്യസമുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

**ധനകാര്യകമ്മീഷൻ ഗ്രാന്റ് ' ടൈഡ് ഇനത്തിൽ ജി എസ് ടി -ടി ഡിഎസ് ഇനത്തിൽ കറവ് വരുത്തിയ ₹26105 2023-24 വർഷമാണ് ബാങ്ക് അക്കൗണ്ടിൽ നിന്നും കറവ് വരുത്തിയിട്ടുള്ളത് എന്നതിനാൽ ACR പ്രകാരമുള്ള ചെലവ് തുകയുമായി ₹26105യുടെ വ്യത്യാസം ഉണ്ട്.

*** ആശ്രയ പദ്ധതിക്കുള്ള ചലഞ്ച് ഫണ്ടായി ലഭിച്ച തുക സി ഡി എസിന് വൗച്ചർ നം 22200374/11.07.22 പ്രകാരം അനവദിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 194 | 151936748 | 142 | 79668776 | 15 | 127 | 52 | 65.46 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 5695300 | 4222286 | 74.14 |
| വെറ്റിനറി സർജൻ | 3 | 3 | 2160000 | 1660000 | 76.85 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 13 | 10 | 3209938 | 2371678 | 73.89 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 1 | 1 | 300000 | 300000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 280000 | 280000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 19 | 76298221 | 32957619 | 43.20 |
| ഐസിഡിഎസ് സൂപ്പർവൈസർ | 14 | 11 | 6155551 | 4373560 | 71.05 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 25 | 22 | 9897319 | 8235043 | 83.20 |
| ഹെഡ് മാസ്റ്റർ,ഗവ.യു പി സ്കൂൾ. | 7 | 4 | 1980238 | 1242672 | 62.75 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 95 | 58 | 43134538 | 21722280 | 50.36 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1130000 | 75.33 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 7 | 5 | 1125643 | 973638 | 86.50 |
| ആകെ | 194 | 142 | 151936748 | 79668776 | 52.44 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3551.89 | 1367317.11 | 1370869 | 1364509 | 6360 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | - | 37278084 | 37278084 | 37278084 | |
| ആകെ | 3551.89 | 38645401.11 | 38648953 | 38642593 | 6360 |

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2022-2023 | 299 | 62 | 136 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2021-2022

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 75 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3693 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1377 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 130 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 60387 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3. എസ്. സി/ എസ്. ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ്. സി / എസ്. ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ്. സി/ എസ്. ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ്. സി | എസ്. ടി | എസ്. സി | എസ്. ടി |
| 2022-23 | 80 | 290 | 50 | 239 |

4. സ്ഥിര ആസ്തികൾ

ഓഡിറ്റ് വർഷം 3 മിനി എം സി എഫ് ഒഴികെ മറ്റ് സ്ഥിര ആസ്തികളൊന്നും നിർമ്മിക്കപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2755600 | 168 |
| വിധവാ പെൻഷൻ | 7645000 | 560 |
| വാർദ്ധക്യകാല പെൻഷൻ | 26867200 | 2137 |
| ഭിന്നശേഷി പെൻഷൻ | 3520000 | 243 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 392600 | 29 |
| വിവാഹ ധനസഹായം | 5 | 3600 |

## 1-7-1 സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നത് സംബന്ധിച്ച് 4.12.23 ന് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 5 ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തിരിച്ചടക്കേണ്ട തുക | തിരിച്ചടച്ച തുക/രശീത് നം./ തീയതി | തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൃഷ്ണൻ | 49800 | - | 49800 | ഗഡുക്കളായി അടക്കുന്നതിന് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. |
| 2 | തോമസ് | 50100 | - | 50100 | ഗഡുക്കളായി അടക്കുന്നതിന് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. |
| 3 | മിനി സാജു | 68100 | - | 68100 | ഗഡുക്കളായി |

| | | | | | |
|---|---|---|---|---|---|
| | | | | | അടക്കുന്നതിന് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. |
| 4 | ജാനകി അമ്മ | 25700 | 25700/ 1220101134/ 16.9.22 | - | തുക തിരിച്ചടച്ചു |
| 5 | ദേവകി | 34600 | 10000/ 1220101299/ 1.10.22<br>10000/ 1220101299/ 1.10.22 | 14600 | 34600 ൽ 20000 രൂപ തിരിച്ചടച്ചു. ബാക്കി 14600 തിരികെ അടക്കാനുണ്ട്. |

മേൽ ഗുണഭോക്താക്കളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023ന് രാവിലെ 11.09 മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3563/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക). ആകെ ക്യാഷ് നീക്കിയിരിപ്പ് 3763/- രൂപയാണ്. ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.
നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതിചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഇൻകംമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതും അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം 2022 നവംബർ, 2022 ഡിസംബർ, 2023 ജനവരി, 2023 ഫിബ്രവരി മാസങ്ങളിലൊഴികെ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസങ്ങളിലും ചേരുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ)തയ്യാറാക്കുന്നിലെ വീഴ്ച മൂലം നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള (പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപ് നടത്തിയത്) ഏറ്റവും ഒടുവിലത്തെ (ഒക്ടോബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2017 ഡിസംബർ മാസം മുതലുള്ള 12 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2010/11-2014/15) തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ 2022 മെയ്, ആഗസ്റ്റ്, സെപ്റ്റംബർ/ഒക്ടോബർ, ഡിസംബർ/ജനവരി മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ 11 ഊരുകൂട്ടങ്ങളാണ് ഉള്ളത്. ഗ്രാമസഭക്ക് മുന്നോടിയായി ഊരുകൂട്ടങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്.

## 1-12 വിഹാര റിസോർട്ട് & സ്പാ എന്ന കെട്ടിടം ലോഡ്ജ് ആയി പരിഗണിച്ച് കെട്ടിട നമ്പർ അനുവദിച്ചത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. സൂനം സുഭാകരൻ എന്ന വ്യക്തിയുടെ A4-BA(130725)/2022, Dtd. 21-4-2022 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച വിഹാര റിസോർട്ട് & സ്പാ എന്ന കെട്ടിട സമുച്ചയത്തിന് നമ്പർ അനുവദിക്കുന്നതിനായി ടിയാൻ 10-5-2022 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച അപേക്ഷ, കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ എന്നിവ പ്രകാരം വിഹാര റിസോർട്ട് & സ്പാ എന്നാണ് കെട്ടിടത്തിന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷം അനുവദിച്ച കെട്ടിട നമ്പരുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം | ആകെ ഇളവ്/ വർദ്ധനവ് | ചുമത്തിയ നികുതി |
|---|---|---|---|---|---|
| 1 | 636/A | 147.42 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 30% ഇളവ്, 20% വർദ്ധനവ് | 7315 @50/sqm |
| 2 | 636/B | 79.03 | ലോഡ്ജ് | 20% ഇളവ് 30% വർദ്ധനവ് | 1918 @20/sq.m |
| 3 | 636/C | 410.31 | ലോഡ്ജ് | 20% ഇളവ് 45% വർദ്ധനവ് | 11310 @20/sq.m |
| 4 | 636/D | 546.56 | ലോഡ്ജ് | 20% ഇളവ് 45% വർദ്ധനവ് | 15066 @20/sq.m |
| 5 | 636/E | 66.42 | ലോഡ്ജ് | 20% ഇളവ് 30% വർദ്ധനവ് | 1613 @20/sq.m |
| 6 | 636/F | 561.38 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 20% ഇളവ് 45% വർദ്ധനവ് | 38685 @50/sq.m |
| 7 | 636/G | 420.47 | “ | 20% ഇളവ് | 28974 |

| | | | | | |
|---|---|---|---|---|---|
| | | | | 45% വർദ്ധനവ് | @50/sq.m |
| 8 | 636/H | 136.25 | " | 20% ഇളവ് 30% വർദ്ധനവ് | 7850 @50/sq.m |
| | | | | ആകെ | 112731 |

കെട്ടിട ഉടമ സ്പെഷ്യൽ റസിഡൻസ് വിഭാഗത്തിൽ റിസോർട്ട് എന്ന് വ്യക്തമാക്കി സമർപ്പിച്ച അപേക്ഷ പ്രകാരം റിസോർട്ടിന് ബാധകമായ ചതുരശ്ര മീറ്ററിന് ₹90 എന്ന നിരക്കിന് പകരം ലോഡ്ജിന് ബാധകമായ ചതുരശ്ര മീറ്ററിന് ₹20 എന്ന നിരക്കിൽ വസ്തുനികതി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 29/13-12-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, കെട്ടിടനമ്പർ അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ പ്രകാരം സൈറ്റിൽ അന്വേഷണം നടത്തിയതിൽ നിന്നും പ്രസ്തുത കെട്ടിടം കൊമേഴ്സ്യൽ കം റസിഡൻസ് കെട്ടിടമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനുകളിൽ റിസോർട്ട് & സ്പാ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പബ്ലിക് റിസോർട്ടുകൾക്ക് വേണ്ട വിനോദ ഉപാധികളോ മറ്റ് സൗകര്യങ്ങളോ ഒന്നുംതന്നെ അവിടെയില്ല എന്നും പ്രസ്തുത കെട്ടിടം A2, F വിഭാഗത്തിൽപ്പെടുന്ന കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടം മാത്രമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടം റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്താതിരുന്നതെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ A2 വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങളെ ലോഡ്ജ് ഗണത്തിൽ മാത്രമേ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനശേഷം കെട്ടിടങ്ങളിൽ നടത്തുന്ന അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും ഉണ്ടായിട്ടുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ ഇടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ ഇടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബി എസ് എൻ എൽ ചെമ്പേരി, കാരുണ്യാശ്രമം,ആയുർവേദ ക്ലിനിക്, പൈതൽമല എന്നീ സ്ഥാപനങ്ങൾ 2022-23 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

4. ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫർ ആയിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്തിരുന്ന സ്ഥാപനം | സ്ഥലം മാറ്റ തീയതി | സ്ഥലം മാറ്റം ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | മനോഹരൻ കെ, സ്വീപ്പർ കം പ്യൂൺ | ഗവ. ഹോമിയോ ഡിസ്പെൻസറി, അരീക്കമല | 12-8-2022 | ഗവ.ഹോമിയോ ഡിസ്പെൻസറി, എളയാവൂർ |
| 2 | ഉഷാകുമാരി പി സി, ഡിസ്പെൻസർ | " | 10-07-2022 | ഗവ. ഹോമിയോ ഡിസ്പെൻസറി, പള്ളിപ്പുറം |
| 3 | പ്രവീൺ കെ സി, എൽ പി എസ് എ | ഗവ.എൽ പി സ്കൂൾ, അരീക്കമല | 4-7-2022 | ഏരുവേശ്ശി ഗവ. യു പി സ്കൂൾ |
| 4 | ജനഹറ യു, എസ് പി എസ് എ | ഗവ.എൽ പി സ്കൂൾ, അരീക്കമല | 4-7-2022 | മുഴക്കുന്ന് ഗവ. യു പി സ്കൂൾ |

മേൽ അപാകതകൾ പരിഹരിക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനുമായി നൽകിയ 25/12-12-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലുള്ള 14 മുറികളിൽ 4 മുറികൾ ഒഴിഞ്ഞുകിടക്കുന്നവയാണ് (IX/713, IX/715, IX/717, IX/718). ഒഴിഞ്ഞുകിടക്കുന്ന മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 രജിസ്ട്രേഷനില്ലാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം ലൈസൻസ് എടുത്ത താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|---|
| 1 | ജോർജ് കെ കുരുവിള | I/42B | കാരുണ്യാശ്രമം ആയുർവേദ ക്ലിനിക്ക് |
| 2 | പി.ജെ ജയിംസ് | I/100 | ജാം ഹോമിയോ ക്ലിനിക് |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടം 8 പ്രകാരമുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി അവലോകനം.

വസ്തു നികതി, തൊഴിൽ നികതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണ അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ വസ്തു നികതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികതി നികതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ്

വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ വിലയിരുത്തിക്കൊണ്ട് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

I.വസ്തു നികുതിഃ

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, മേഖലയുടെ തരംതിരിക്കൽ, റോഡുകളുടെ തരംതിരിക്കൽ എന്നിവ നിശ്ചയിച്ച കൊണ്ട് ഭരണസമിതിയുടെ 01-08-2023 തീയതിയിലെ 4/2023 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുന്ന മുറയ്ക്ക് പുതിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതാണ്.

II.അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 274 ആണ്. ഗ്രാമ പഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്ന വെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

III.സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയ്നേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

IV.മൊബൈൽ ടവറുകൾ

നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ള 6 ടവറുകൾ വസ്തു നികുതി ഒടുക്കിയിട്ടുണ്ട്. ഓഡിറ്റിൽ പരാമർശമുള്ള നമ്പറില്ലാത്ത 6 ടവറുകളിൽ ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള 3 ടവറുകൾക്ക് നമ്പർ ലഭിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 3 ടവർ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടവർ ഉടമകളിൽ നിന്ന് നിയമാനുസൃതം ഈടാക്കാൻ പറ്റുന്ന വസ്തുനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

V.തൊഴിൽ നികുതിഃ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

VI.FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കി വരുന്നുണ്ട്. മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1996ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേ ണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

10. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ

തയ്യാറാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

11. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് തനത് വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-17 സോളാർ ഫെൻസിംഗ് സ്ഥാപിക്കൽ - തുക ചെലവഴിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല.₹ 3500000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ 1, 2 വാർഡുകളിൽ ഉൾപ്പെടുന്ന കർണ്ണാടക വനാതിർത്തിയോട് ചേർന്ന 5.2 കിലോ മീറ്ററോളം ദൂരം (എസ്റ്റിമേറ്റ് പ്രകാരം 4.5 KM, തളിപ്പറമ്പ വനം റേഞ്ചിലെ പുറത്തൊട്ടിപ്പാറ മുതൽ ആടാംപാറതട്ട് വരെയുള്ള പ്രദേശം) ഹാംഗിംഗ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി 2022-23 വർഷത്തിൽ ₹35,00,000 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഡിവിഷന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 163 /23, സോളാർ ഫെൻസിംഗ് |
| അടങ്കൽ | ₹30000(തനത് ഫണ്ട്)<br>₹825000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹35,00,000(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ₹43,55,000 |
| ചെലവ് | ₹35,00,000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ & തീയ്യതി | 22190552006001284539/24.02.23 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 03.03.2023 ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസി, കണ്ണൂർ എന്നിവരുമായി ഉണ്ടാക്കിയ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് പ്രകാരം 5.2 കി മീ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ₹4355000 അഡ്വാൻസായി അനുവദിക്കുന്നതിനുള്ള തീരുമാനത്തിലാണ് ഒപ്പുവച്ചിട്ടുള്ളത്. 5.2 കി.മീ. നീളത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

2. കരാർ അനുസരിച്ച് തുക കൈപ്പറ്റി 2 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ പ്രവൃത്തി ഇതുവരെ ആരംഭിച്ചതായി കാണുന്നില്ല. കരാർ വ്യവസ്ഥകളിലെ ക്രമ നമ്പർ 4 അനുസരിച്ച് പ്രവൃത്തി പൂർത്തിയായതിനു ശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എഫ്.ഡി.എ ബാക്കി തുക ഉണ്ടെങ്കിൽ ആയത് സഹിതം ഗ്രാമപഞ്ചായത്തിന് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. കരാർ വ്യവസ്ഥ ക്രമ നമ്പർ 5 അനുസരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ പലിശ ഇനത്തിൽ എന്തെങ്കിലും തുക ലഭിക്കുകയാണെങ്കിൽ ആയതും ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതുണ്ട്. സൗരോർജ്ജ വേലിയുടെ പ്രവൃത്തി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കേണ്ടതാണ്. ആയതനുസരിച്ച് പ്രവൃത്തി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട പുരോഗതി പത്രിക ഹാജരാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് മറുപടി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 12/07.12.23) നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാലും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും ചെലവ് തുകയായ ₹35,00,000 തടസ്സപ്പെടുത്തുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.03.2022-ലെ സർക്കുലർ നമ്പർ ഡി.എ 64/22 പ്രകാരം എസ്റ്റിമേറ്റ് ഇല്ലാതെ വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്യുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി പരിഗണിക്കാമെന്ന കാര്യം കൂടി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹177000 തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13.01.23 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെ എൻ ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്റ്റിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 234/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, ബിൽ നമ്പർ/തീയ്യതി | ₹177000, 246/25.02.2023 |

പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/07.12.2023) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ചെലവ് തുകയായ ₹177000 തടസ്സപ്പെടുത്തുന്നു.

## 1-19 എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്റ്റായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണസ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹75000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എരുവേശ്ശി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ, പേര് | 235/23, എ ബി സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് ഇക നൽകൽ |
| അടങ്കൽ | ₹75000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ നമ്പർ/ തീയ്യതി | ₹75000, 315/28.03.2023 |

മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും എ ബി സി പ്രവർത്തനം മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ വിവരവും, ഇതേ വരെ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടും പ്രൊജക്റ്റ് നമ്പർ 235/23 പ്രകാരം അനുവദിച്ച ഇകയുടെ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 14/07.12.23)ക്ക് ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവ് ഇകയായ ₹75000 തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്ക് റിപ്പയർ എ എം സി- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ശ്രീ ജോസ് കെ എം എന്ന കരാറുകാരന് തൻവർഷം താഴെ പറയും പ്രകാരം ഇക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ, പേര് | 17/23, തെരുവ് വിളക്ക് റിപ്പയർ എ എം സി |
| അടങ്കൽ | ₹150000 (തനത് ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ/തിയ്യതി | ₹75000, 197/17.01.2023 (ACR പ്രകാരമുള്ള ബിൽ നമ്പർ) |

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നമ്പർ 3055/ഉ അ 3/2011/ത.സ്വ.ഭ.വ./18.09.11 മാർഗ്ഗരേഖ പ്രകാരമാണ് പദ്ധതി നിർവ്വഹണം നടത്തേണ്ടത്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധിത വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബി-യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. എന്നാൽ സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിന്റെ വിശദാംശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.) ഖണ്ഡിക 2 (എഫ്) പ്രകാരം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരമുള്ള ആനുപാതിക ഇക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന പ്രകാരം അനുവദിക്കാവുന്നതാണ്. ഇക അനുവദിക്കേണ്ടത് ഏത് നിരക്കിൽ അഥവാ ഏത് രീതിയിലാണ് എന്ന് തീരുമാനിച്ചതിന്റെ രേഖപ്പെടുത്തലുകൾ കരാറിൽ വരുത്തിയിട്ടില്ല.

3.) ഖ. 3 (ഇ) പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതികളുടെ സമയം, തിയ്യതി, പരാതിക്കാരന്റെ പേര്, വിവരണം എന്നിവ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും കരാറുകാരൻ എല്ലാ ദിവസവും രജിസ്റ്റർ പരിശോധിച്ച് തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പൂപ്പറമ്പ് ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിലെ കാലതാമസം-2493662 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പരിസ്ഥിതി സൗഹൃദമായും മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ മാർഗങ്ങളിലൊന്നുമായ ആധുനിക വാതകശ്മശാനം നിർമ്മിക്കുന്നതിനായി പൂപ്പറമ്പ് ആധുനികശ്മശാനം എന്ന പ്രോജക്റ്റിൽ 2022-23 വർഷം താഴെപ്പറയും പ്രകാരം ഇക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നമ്പർ | 37/23 |
| പ്രൊജക്റ്റിന്റെ പേര് | പൂപ്പറമ്പ് ആധുനികശ്മശാനം നിർമ്മാണം |
| അടങ്കൽ | ₹3038176<br>ജില്ല പഞ്ചായത്ത് വിഹിതം |
| ചെലവ് ഇക | ₹2250000 |
| വൗച്ചർ നമ്പർ, തീയതി | 1)വൗച്ചർ നമ്പർ 22200485<br>തീയതി 11/08/2022 – ₹1750000<br>2)വൗച്ചർ നമ്പർ 22201393<br>തീയതി 10/03/2023 -₹500000 |
| കരാറുകാരന്റെ പേര് | റെയ്ഡ്കോ, തളിപ്പറമ്പ.<br>(ശ്മശാനത്തിന്റെ ഫർണസ്, ടവറോട് കൂടിയ ചിമ്മിണി, ജനറേറ്റർ, അനുബന്ധ |

| | |
|---|---|
| | ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് റെയ്ഡ്കോ, തളിപ്പറമ്പിന് നൽകിയത്) |
| കരാർ നമ്പർ, തീയതി. | 19/AE/LSGD/ERY/2022-23തീയതി 04-06-2022 |
| കരാർ തുക | ₹3500000 |
| കരാർ കാലാവധി | 03-12-2022 |

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂപ്പറമ്പ് ശ്മശാനം നവീകരണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ-56/23, അടങ്കൽ-260000, ധനകാര്യകമ്മീഷൻ അവാർഡ്) ₹243662 (ബിൽ നമ്പർ-61/ 16-08-2022, എ സി ആർ പ്രകാരം) ചെലവഴിച്ച് ശ്മശാനം നവീകരണപ്രവൃത്തികളും നടത്തിയിട്ടുണ്ട്.

മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള വാർഷികപദ്ധതികളിൽ ആധുനിക ശ്മശാനം എന്ന പ്രോജക്ടിന് ഫണ്ട് ചെലവഴിക്കുകയും കെട്ടിട നിർമ്മാണമുൾപ്പെടെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 2019-20 | പൂപ്പറമ്പ ആധുനിക ശ്മശാനം നിർമ്മാണം- 126/20 | ₹2849057 | കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു. (എം ബുക്ക് നമ്പർ-4/2018-19) |
| 2022-23 | പൂപ്പറമ്പ് ശ്മശാനം നവീകരണം - 56/23 | ₹243662 | കെട്ടിടത്തിന് നവീകരണപ്രവൃത്തികൾ ചെയ്തു(എം ബുക്ക് നമ്പർ-36/21-22) |
| 2022-23 | പൂപ്പറമ്പ് ശ്മശാനത്തിലേക്ക് ലൈൻ വലിക്കൽ (പ്രോജക്ട് നമ്പർ 80/23) | ₹73750 | കെ എസ് ഇ ബി പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചു. |
| 2022-23 | പൂപ്പറമ്പ് ആധുനികശ്മശാനം നിർമ്മാണം-37/23 | ₹2250000 | റെയ്ഡ്കോവിന് അനുവദിച്ച തുക |
| ഇതു വരെ ആകെ ചെലവഴിച്ച തുക | | ₹5416469 | |

ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇതുവരെയായി ആകെ ₹5416469 ശ്മശാനനിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം 2019-20 സാമ്പത്തികവർഷത്തിൽ പൂർത്തീകരിച്ചുവെങ്കിലും മറ്റ് പ്രവൃത്തികൾ മന്ദഗതിയിലാണ്.



അനുബന്ധപ്രവൃത്തികൾ മന്ദഗതിയിലായതിനാൽ പ്രവർത്തനം ആരംഭിക്കാത്ത പൂപ്പറമ്പ് ആധുനിക ശ്മശാന കെട്ടിടം

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ട് നമ്പർ 121/22-ൽ ഉൾപ്പെടുത്തി എൽ പി ജി ഇന്ധനമാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ പൂപ്പറമ്പ് എന്ന സ്ഥലത്തെ ശ്മശാനത്തിൽ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോ സമർപ്പിച്ച 3500000/-രൂപയുടെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 01-06-2022 തീയതിയിൽ വർക്ക് ഓർഡർ നൽകുകയുമുണ്ടായി. ആധുനിക ശ്മശാനത്തിന്റെ ഫർണസും അനുബന്ധ ഉപകരണങ്ങളും കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത കാലാവധിക്കുള്ളിൽ പരിപൂർണ്ണ ഉത്തരവാദിത്തത്തോടെ ചെയ്തു തീർക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 03-12-2022-നോ അതിന് മുൻപോ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനാണ് കരാർ പ്രകാരമുള്ള വ്യവസ്ഥ. പ്രവൃത്തിക്കാവശ്യമായ മെറ്റീരിയലുകൾക്ക് വേണ്ട ആകെ തുകയുടെ 50 ശതമാനം ആദ്യം അനുവദിക്കേണ്ടതും വർക്ക് തീരുന്ന മുറക്ക് 40 ശതമാനവും ബാക്കി വരുന്ന 10 ശതമാനം തുക ട്രയൽ റൺ നടത്തിയതിന് ശേഷവും ഗ്രാമപഞ്ചായത്ത് കരാർ സ്ഥാപനമായ റെയ്ഡ്കോവിന് നൽകുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച് ട്രയൽ റൺ നടത്തി ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. റെയ്ഡ്കോയുമായുള്ള കരാർ പുതുക്കിയിട്ടുമില്ല. ആധുനിക ശ്മശാനത്തിന്റെ ഫർണസ് അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിഫിക്കേഷൻ, കുഴൽക്കിണർ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ട്രയൽ റൺ നടത്തുവാൻ സാധിച്ചിട്ടില്ലെന്നും നിലവിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതായും ഫയർ & റെസ്ക്യൂ വകുപ്പിന്റെ ഫൈനൽ എൻ ഒ സി ലഭ്യമാക്കുന്നതിന് ആവശ്യമായ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടിയുള്ള 2493662/- രൂപയുടെ (2250000+243662) ചെലവ് തടസ്സപ്പെടുത്തുന്നു.

മുൻകൂർ തുകയിൽ നിന്നും നികുതികൾ കുറവ് ചെയ്തില്ല-കേന്ദ്ര സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം 87500/-രൂപ

പ്രവൃത്തിക്കാവശ്യമായ മെറ്റീരിയലുകൾക്ക് ആകെ തുകയുടെ 50 ശതമാനവും വർക്ക് തീരുന്ന മുറക്ക് 40 ശതമാനവും ബാക്കി വരുന്ന 10ശതമാനം തുക ട്രയൽ റൺ നടത്തിയതിന് ശേഷവും ഗ്രാമപഞ്ചായത്ത് കരാർ സ്ഥാപനമായ റെയ്ഡ്കോവിന് നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതു പ്രകാരം കരാർ തുകയുടെ 50 ശതമാനമായ 1750000/-രൂപ റെയ്ഡ്കോവിന് അനുവദിച്ചപ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരിലേക്കുള്ള വിവിധ നികുതികൾ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട | ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | നിരക്ക് | തുക | |
| ആദായനികുതി | 2% | 35000 | കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ട തുക |
| സി ജി എസ് ടി | 1% | 17500 | കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ട തുക |
| എസ് ജി എസ് ടി | 1% | 17500 | സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട തുക |
| ക്ഷേമനിധി വിഹിതം | 1% | 17500 | സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട തുക |
| ആകെ | 5% | 87500 | |

മുൻകൂർ തുകയിൽ നിന്നും നികുതികൾ കുറവ് ചെയ്യിട്ടില്ലാത്തതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം 87500/-രൂപ ഈടാക്കേണ്ടതാണ്. അഡ്വാൻസ് തുകയായതിനാലാണ് പ്രസ്തുത തുകകൾ ഈടാക്കാതിരുന്നതെന്നും ഫൈനൽ ബിൽ നൽകുമ്പോൾ നികുതിയിനത്തിലുള്ള മുഴുവൻ തുകയും ഈടാക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/11-12-2023) നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി.

ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും കരാർ സ്ഥാപനത്തിൽ നിന്നും കേന്ദ്ര സംസ്ഥാന സർക്കാരിനുള്ള നികുതികൾ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്, ഗുണനിലവാര പരിശോധന-പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്കുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 194 പ്രോജക്കുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 സാമ്പത്തികവർഷം നിർവ്വഹണം നടത്തിയ രണ്ട് പ്രോജക്കുകളിലെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്കുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണ മാർഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)- ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പൊതുമരാമത്ത് വകുപ്പിലുള്ളതിന് സമാനമായ ഗുണനിലവാര പരിശോധന സംവിധാനം തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ നിലവിലില്ലെന്നും ആയതിനാലാണ് ഗുണനിലവാര പരിശോധന നടത്തുവാൻ സാധിക്കാതെ വന്നതെന്നും എസ്റ്റിമേറ്റിൽ തുക വകയിരുത്താതിനാലാണ് ബോർഡ് സ്ഥാപിക്കുവാൻ സാധിക്കാതെ വന്നതെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (22/11-12-23) മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-23 അങ്കണവാടി പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് കുറവ് വരുത്തിയിട്ടില്ല.

അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം., പേര് | 10/23, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ<br>₹3400000 | ₹2061550 വികസന ഫണ്ട്<br>₹1338450 കേന്ദ്രാവിഷ്കൃതഫണ്ട് |
| ചെലവ്<br>₹2382899 | ₹1481453 വികസന ഫണ്ട്<br>₹901446 കേന്ദ്രാവിഷ്കൃതഫണ്ട് |
| ബിൽ നമ്പർ/തീയതി/തുക ( ACR പ്രകാരം) | 28/ 06-06-2022/363501<br>30/ 25-06-2022/72983<br>47/ 14-07-2022/14115<br>49/ 20-07-2022/21895<br>67/ 17-08-2022/95270<br>72/26.8.22/13810<br>73/ 26-08-2022/10693<br>04/ 06-10-2022/186790<br>106/ 14-10-2022/19587<br>107/ 14-10-2022/17838<br>114/ 04-11-2022/295877<br>115/ 04-11-2022/93721<br>118/ 09-11-2022/17903<br>119/ 09-11-2022/10137<br>143/ 08-12-2022/15446.<br>145/ 08-12-2022/18767<br>189/ 12-01-2023/17503<br>190/ 12-01-2023/195617<br>511210110122003З/4.2.23/31824<br>(റിക്വസിഷൻ നമ്പർ)<br>5112101101220034/4.2.23/26915<br>(റിക്വസിഷൻ നമ്പർ)<br>5112101101220037/4.3.23/357952<br>(റിക്വസിഷൻ നമ്പർ)<br>5112101101220038/16.3.23/16440 |

| | |
|---|---|
| | (റിക്വസിഷൻ നമ്പർ)<br>5112101101220045/24.3.23/18261<br>(റിക്വസിഷൻ നമ്പർ)<br>5112101101220040/16.3.23/14146<br>(റിക്വസിഷൻ നമ്പർ)<br>5112101101220046/24.3.23/10252<br>(റിക്വസിഷൻ നമ്പർ)<br>5112101101220031/12.1.23/71089<br>(റിക്വസിഷൻ നമ്പർ)<br>5112101101220048/24.3.22<br>/354567(റിക്വസിഷൻ നമ്പർ) |

(എ)സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി ഗ്രാമോദയം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലുകളിൽ ടി.ഡി.എസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ്<br>(കി.ഗ്രാം) | തുക(രൂപ)<br>(70/കി ഗ്രാം + 5% ജി എസ് ടി) |
|---|---|---|
| 2/26.4.22 | 1265.625 | 93023 |
| 4/30.7.22 | 1228.500 | 90294 |
| 6/25.8.22 | 1306.125 | 96000 |
| 8/26.9.22 | 1235.250 | 90790 |
| 10/27.10.22 | 1225.125 | 90046 |
| 13/25.11.22 | 1231.875 | 90542 |
| 15/22.12.22 | 1265.625 | 93023 |
| 18/27.1.23 | 1177.875 | 86573 |
| 21/27.2.23 | 1194.750 | 87814 |
| 25/23.3.23 | 1140.750 | 83845 |
| ആകെ | 12271.5 | 901950 |

മേൽ തുകയിൽ നിന്നും (901950 രൂപ) ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്യാതെ തുക നല്കിയത് സംബന്ധിച്ച് 8.12.2023 ന് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

## 1-24 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക ധനസഹായം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ / പേര് | 239/23 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക ധനസഹായം |
| അടങ്കൽ | ₹50000(വികസനഫണ്ട് ) |
| ബിൽ നം./തീയ്യതി/തുക (ACR പ്രകാരം) | 290/ 16-03.23/50000 |

കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സബ്സിഡി മാർഗ്ഗരേഖ 7.1.2 (ബി) (2) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം കൈമാറുന്നതാണ് പദ്ധതി. ഇതിനായി ഐലിൻ മരിയ എന്ന കുട്ടിക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് 50000 രൂപ കൈമാറിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത്, തുക വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തിയ രേഖകൾ എന്നിവ ഹാജരാക്കേണ്ടതും പ്രോജക്ടിലുൾപ്പെടുത്തിയ കുട്ടിക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും സംബന്ധിച്ച് നൽകിയ 8.12.23 ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും പ്രോജക്ടിലുൾപ്പെടുത്തിയ കുട്ടികൾക്ക് മേൽ ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ലാത്തതിനാലും 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പ്രയോജനം ലഭ്യമാകേണ്ട കുട്ടികൾക്ക് ആയത് ലഭിച്ചു എന്നുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.11.23ലെ സർക്കുലർ നമ്പർ ഡി.എ.1/284/23ലെ നിർദ്ദേശങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 16160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ സർവ്വേ നടത്തി സ്ത്രീകളുടെ പദവികളെ കുറിച്ച് ഡാറ്റാ ശേഖരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 196/23 സ്ത്രീ പദവി പഠനം |
| അടങ്കൽ<br>84650 | ₹63650 വികസന ഫണ്ട്<br>₹21000 തനത്ഫണ്ട് |
| ചെലവ് | ₹16160 വികസന ഫണ്ട് |
| ബിൽ നം/തീയതി/തുക ( A.C.R പ്രകാരം) | 361/ 30-03-2023/16160 |

സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ് തല ട്രെയിനിംഗ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന വേണ്ടി 2022-23 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബാനർ, സൗണ്ട് സിസ്റ്റം എന്നിവയ്ക്കായി ₹1150യും ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലമായി ₹1900 യും ഭക്ഷണച്ചെലവ്, സ്റ്റേഷനറി എന്നിവയ്ക്ക് ₹13110 യും ഉൾപ്പെടെ ആകെ ₹16160 യാണ് ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തല പഠന സംഘങ്ങളുടെയും തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവര ശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റെയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 8.12.23 ന് നൽകിയ 18ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 16160 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പരിശോധനാ റിപ്പോർട്ട്,അനുമതി സാക്ഷ്യപത്രം എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ 2022-23 വർഷം താഴെ കൊടുത്ത പ്രൊജക്ടുകളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി സബ്സിഡി തുക കൈമാറിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | | | |
| പ്രോജക്ടിന്റെ നമ്പരും പേരും | 132/23, സമഗ്ര പച്ചക്കറി കൃഷി വികസനം | 97/23, മഞ്ഞൾ ഗ്രാമം പദ്ധതി | 133/23, സമഗ്ര കമുക് കൃഷി വികസനം | 126/23 സമഗ്ര കമുക് കൃഷി വികസനം |
| അടങ്കൽ | ₹500000 (വികസനഫണ്ട് പൊതുവിഭാഗം)<br>₹435000(മറ്റുള്ളവ)<br>₹935000 | ₹500000 (വികസനഫണ്ട് പൊതുവിഭാഗം)<br>₹500000(മറ്റുള്ളവ)<br>₹1000000 | ₹461500 (വികസനഫണ്ട് പൊതുവിഭാഗം)<br>₹100500(മറ്റുള്ളവ)<br>₹562000 | ₹600000 (വികസനഫണ്ട് പൊതുവിഭാഗം)<br>₹1200000(മറ്റുള്ളവ)<br>₹1800000 |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹463000<br>1)₹210000/164 /29.02.23<br>2)155000/196 /16.01.23<br>3)35000/323 /28.03.23<br>4)33000/324 /28.03.23<br>5)30000/325 /28.03.23<br>₹379500(മറ്റുള്ളവ)<br>--------------<br>ആകെ 842500 | ₹410236<br>1)308000/113 /28.10.22<br>2)77000/321 /28.03.23<br>3)17000/322 /28.03.23<br>4)8236/350 /29.03.23<br>₹307000(മറ്റുള്ളവ)<br>--------------<br>ആകെ 717236 | ₹452500<br>1)292500/150 /16.12.23<br>2)160000/365 /31.03.23<br>₹97500(മറ്റുള്ളവ)<br>---------------<br>ആകെ 550000 | ₹582800<br>1)202000/194 /16.01.23<br>2)159000/195 /16.01.23<br>3)170000/363 /31.03.23<br>4)51800/364 /31.03.23<br>₹1165600(മറ്റുള്ളവ)<br>-----------<br>ആകെ 1748400 |

സബ്സിഡി തുക ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ അർഹത നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടോ കൃഷി ഓഫീസറുടെ അനുമതി സംബന്ധിച്ച സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനാ റിപ്പോർട്ട്, അനുമതി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുള്ളത്. സമഗ്ര കമുക് കൃഷി വികസനം എന്ന പ്രോജക്ട് (126/23) പ്രകാരം ജൈവവളത്തിനും കുമ്മായത്തിനും സബ്സിഡി അനുവദിക്കുമ്പോൾ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ പ്രകാരം എത്ര കമുകിനാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് എന്നതിന്റെ പരിശോധനസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതികൾ പ്രകാരം ഓരോ ഗുണഭോക്താവിനും പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യം കണക്കാക്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/12.12.23) സ്റ്റാഫിന്റെ അഭാവം കാരണമാണ് ആവശ്യമായ രേഖപ്പെടുത്തലുകൾ ഫയലിൽ വരുത്താതെ വന്നതിന് കാരണമായതെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയും അർഹമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനം സുതാര്യമായി നടന്നു എന്നും ചെലവഴിച്ച ഫണ്ട് അർഹതപ്പെട്ട വ്യക്തികൾക്ക് തന്നെയാണ് ലഭിച്ചതെന്നും തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 സബ്സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ – ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല – ₹30873 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പി എച്ച് സി സബ്സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പ്രോജക്ടാണിത്. പദ്ധതിയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി ഏരുവേശ്ശി |
| പ്രോജക്ട് നമ്പർ, പേര് | 181/23, സബ്സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹300000 ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) |
| ചെലവ് | ₹30873,<br>ബിൽ നമ്പർ 254/4-3-2023 (എസിആർ പ്രകാരം) |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 3 സബ്സെന്ററുകൾക്ക് ബി പി അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ഹീമോഗ്ലോബിൻ മീറ്റർ, വേയിംഗ് മെഷീൻ (അഡൾട്ട്), വേയിംഗ് മെഷീൻ (ബേബി), സ്റ്റേഡിയോമീറ്റർ, ടോർച്ച്, മെഷറിംഗ് ടേപ്പ് എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 20-2-2023 ന് ലഭ്യമാക്കിയ PRF4570 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹30873 അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അസ്സൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ, ഉപകരണങ്ങൾ സബ്സെന്ററുകൾക്ക് കൈമാറിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി 6/6-12-2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് നാളിതുവരെയായി ഉപകരണങ്ങൾ കിട്ടിയിട്ടില്ല എന്നും കെ.എം.എസ്.സി.എൽ-ൽ നിന്നും സാധനങ്ങൾ ലഭ്യമാകാൻ കാലതാമസം നേരിടാറുണ്ട് എന്നും ആയവ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ഇതുവരെയായും ലഭ്യമാകാത്ത സാഹചര്യത്തിൽ ₹30873 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻവോയ്സ്, ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഏരുവേശ്ശി പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നിന്റെ വില മുൻകൂറായി നൽകി - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ₹29174 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് .സി. ഏരുവേശ്ശി |
| പ്രോജക്ട് നമ്പർ, പേര് | 15/23 ഏരുവേശ്ശി പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ<br>₹ | ₹350000 വികസന ഫണ്ട്<br>₹100000 മെയിന്റനൻസ് ഫണ്ട് റോഡിതരം<br>ആകെ ₹450000 |
| ചെലവ് | ₹349986 വികസന ഫണ്ട്<br>₹99999മെയിന്റനൻസ് ഫണ്ട് റോഡിതരം<br>ആകെ ₹ 449985 |

| | |
|---|---|
| | |
